കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# പെരിന്തൽമണ്ണ ബ്ലോക്ക് പഞ്ചായത്ത്
# 2017-18
# ഓഡിറ്റ് റിപ്പോർട്ട്

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
e-mail: dompm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്തു കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ-എം.പി.എം.4/2873/2018

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
തിയ്യതി:22-01-2019

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് / സെക്രട്ടറി മുഖേന

പെരിന്തൽമണ്ണ ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : പെരിന്തൽമണ്ണ ബ്ലോക്ക് പഞ്ചായത്ത്- 2017-18 സാമ്പത്തിക വർഷങ്ങളിലെ ഓഡിറ്റ്റിപ്പോർട്ട് സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പെരിന്തൽമണ്ണ ബ്ലോക്ക് പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാ ഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം ബ്ലോക്ക് പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ / തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് ഓൺലൈനായി (http://aims.ksad.kerala.gov.in /esubmission) അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.(ഉപരിപത്രം സഹിതം)

2)അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ (ജനറൽ)മലപ്പുറം.

3)അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ (പെർഫോർമൻസ് ഓഡിറ്റ്)മലപ്പുറം.
4)കാര്യാലയ പകർപ്പ്.

എം.എ.1/19

നം.കെ.എസ്.എ.എം.പി.എം4/2873/2018 തിയ്യതി:22-01-2019

## മലപ്പുറം ജില്ലയിലെ *പെരിന്തൽമണ്ണ ബ്ലോക്ക്* പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം - വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ പെരിന്തൽമണ്ണ ബ്ലോക്ക് പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷങ്ങളിലെ ധനകാര്യപത്രികകൾ ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 1.11.2017 മുതൽ 23.11.2018 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണ കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 17അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 9എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീമതി.സുധാ ദാസ്<br>സീനിയർ ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 24-11-2018 മുതൽ 1.12.2018 വരെ |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ

| | |
|---|---|
| ശ്രീ.ടി.പി അബ്ദുൽ ജലീൽ | ഓഡിറ്റ് ഓഫീസർ |
| ശ്രീ.അബ്ദുൽ ഗഫൂർ.സി | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീ. പി.ടി.സന്തോഷ് | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീ.ഷജീർ.കെ | ഓഡിറ്റർ |

ബി ) നിർവഹണാധികാരികൾ.

പ്രസിഡന്റ്

| | |
|---|---|
| ശ്രീമതി. റീന പെട്ടമണ്ണ | 01.04.2017 മുതൽ 31.03.2018 വരെ |

സെക്രട്ടറി

| | |
|---|---|
| ശ്രീ.സുധാകരൻ .ടി | 1.4.2017 മുതൽ14.06.2017 വരെ |

| | |
|---|---|
| അംബിക. വി.എം,- ജോയി..ബി.ഡി.ഒ.(ചാർജ്) | 15.06.2017 മുതൽ 14.08.2017 വരെ |
| നളിനി.സി.ഇ.ജോയി..ബി.ഡി.ഒ. (ചാർജ്) | 15.08.2017 മുതൽ 4.10.2017 വരെ |
| അഷ്റഫ് പെരുമ്പള്ളി | 5.10.2017 മുതൽ 12.1.2018 വരെ |
| അംബിക. വി.എം,- ജോയി..ബി.ഡി.ഒ.(ചാർജ്) | 13.01.2018 മുതൽ 17.02.2018വരെ |
| അഷ്റഫ് പെരുമ്പള്ളി | 18.2.2018 മുതൽ 31.3.2018 വരെ |

നിർവഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| മെഡിക്കൽ ഓഫീസർ | ഡോ: CK. ജമീല | 01.04.2017 മുതൽ 31.03.2018 വരെ |
| അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ | ശ്രീ.സുൽഫീക്കർ.എൻ | 01.04.2017 മുതൽ 31.03.2018 വരെ |
| അസിസ്റ്റന്റ് എൻജിനീയർ | ശ്രീമതി.മിനിമോൾ. എൻ | 01.04.2017 മുതൽ 31.03.2018 വരെ |
| ശിശു വികസന ഓഫീസർ | ഡോ.കബനി.പി.എസ് | 01.04.2017 മുതൽ 31.03.2018 വരെ |
| പട്ടികജാതി വികസന ഓഫീസർ | ശ്രീമതി. മേഴ്സി. എം.ബി | 01.04.2017 മുതൽ 31.03.2018 വരെ |
| അസിസ്റ്റന്റ് ഡയറക്ടർ ഓഫ് അഗ്രികൾച്ചർ | ശ്രീ.കെ. രാധാകൃഷ്ണൻ | 01.04.2017 മുതൽ 9.6.17 വരെ |
| | മുഹമ്മദ് സക്കീർ | 10.06.2017 മുതൽ 2.8.2017 വരെ |
| | എലിസബത് മാത്യൂ | 3.8.2017 മുതൽ 3.02.2018 വരെ |
| | ബിജുല ബാലൻ | 04.02.2018 മുതൽ 31.03.2018 വരെ |

ഉള്ളടക്കം

| ക്രമ നം. | വിഷയം | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|

| | | | |
|---|---|---|---|
| ഭാഗം I പൊതു അവലോകനം | | | |
| 1 | ബജറ്റ് | 1-1 | |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 | |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 1-3 | |
| 4 | സാമ്പത്തിക വിശകലനം (റസീറ്റ് & പേയ്മെന്റ് പത്രിക പ്രകാരം) | 1-4 | |
| 5 | ഫണ്ട് വിനിയോഗം (അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം) | 1-5 | |
| 6 | പദ്ധതി അവലോകനം. | 1-6 | |
| 7 | തൊഴിലുറപ്പ് പദ്ധതി- | 1-7 | |
| 8 | ക്ഷേമപദ്ധതികൾ | 1-8 | |
| 9 | ക്യാഷ് പരിശോധന | 1-9 | |
| 10 | ആഭ്യന്തരനിയന്ത്രണം. | 1-10 | |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 | |
| 12 | വാർഷിക കണക്കുകളിലെ അപാകതകൾ | 1-12 | |
| ഭാഗം II വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | | |
| 12 | കെട്ടിടങ്ങൾ ഉപയോഗ്യശൂന്യമായി കിടക്കുന്നു. | 2-1 | |
| ഭാഗം III ചെലവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | | |
| 13 | വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല ചെലവ് തുക തടസ്സം ചെയ്യുന്നു | 3-1 | |
| 14 | പ്ളാസ്റ്റിക് ഷ്രെഡ്ഡിംഗ് യൂണിറ്റ് സ്ഥാപിക്കൽ ലക്ഷ്യം കൈവരിച്ചില്ല. | 3-2 | |
| 15 | നെൽ കൃഷിക്ക് കൂലിച്ചലവ് വിനിയോഗിക്കാത്ത തുക തിരിച്ചടവ് സംബന്ധിച്ച് | 3-3 | |
| 16 | മരുന്ന് മുഴുവൻ ലഭ്യമായില്ല | 3-4 | |
| 17 | ബയോഗ്യാസ് പ്ളാന്റ് സ്ഥാപിക്കൽ-ബ്ളോക്ക് പഞ്ചായത്തിന്റെ ചുമതലയിൽപ്പെടാത്ത പ്രവർത്തി നടപ്പിലാക്കി. | 3-5 | |
| 18 | പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല. | 3-6 | |
| 19 | ചാത്തോലിക്കുന്ന് തോടിന് തടയണ നിർമാണം എന്ന പദ്ധതി നടത്തിപ്പിലെ അപാകതകൾ. | 3-7 | |
| 20 | കുടിവെള്ളപദ്ധതിപൂർത്തിയാക്കിയിട്ടില്ല. | 3-8 | |
| 21 | പദ്ധതി നടപ്പിലാക്കുന്നതിൽ അലംഭാവം; 2017-18 ൽ നടപ്പിലാക്കിയത് 53 % പ്രവൃത്തികൾ മാത്രം. | 3-9 | |
| 22 | വയോജനങ്ങൾക്ക് കട്ടിൽ വിതരണം -വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല | 3-10 | |

| | | | |
|---|---|---|---|
| 23 | വയോജനങ്ങൾക്ക് കട്ടിൽ വിതരണം(എസ് സി പി) - അവശേഷിക്കുന്ന തുക ലഭ്യമാക്കേണ്ടതാണ്. | 3-11 | |
| 24 | രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.ചെലവ് തുക തടസ്സം ചെയ്യുന്നു. | 3-12 | |
| ഭാഗം IVപൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | | | |
| 25 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം - | 4-1 | |
| 26 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 | |
| 27 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 | |
| 28 8 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 | |
| 29 | സ്ഥിരനിക്ഷേപങ്ങൾ- | 4-5 | |
| 30 | ഓഡിറ്റ് റിക്കവറി | 4-6 | |
| 31 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-7 | |
| 32 | ചാർജ്ജ് / സർചാർജ്ജ് നടപടികളുടെ വിവരം | 4-8 | |
| 33 | ഓഡിറ്റ് പ്രത്യവലോകനം | 4-9 | |
| 34 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-10 | |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

| | |
|---|---|
| 2017-18 ലെ ബജറ്റ് പാസ്സാക്കിയ തീരുമാന നമ്പർ./തിയ്യതി | 1, 29.03.2017 |

## 1-2 വാർഷിക ധനകാര്യപത്രിക.

| വർഷം | സമർപ്പിക്കേണ്ട അവസാന തീയതി | ലഭിച്ച തീയതി |
|---|---|---|
| 2017-18 | 31-07-2018 | 14-05-2018 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2017-18 | 25.6.2018, 26.6.2018 | കെ.എസ്.എ.എം.പി.എം.4/1253/2018, 5.7.2018 |

(ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യ പത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീറ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്, ബാലൻസ് ഷീറ്റ്, ഓഡിറ്റ് സർട്ടിഫിക്കറ്റ് എന്നിവ

അനുബന്ധമായി ചേർത്തിരിക്കുന്നു.)

## 1-4 സാമ്പത്തിക വിശകലനം (റസീറ്റ് & പേയ്മെന്റ് പത്രിക പ്രകാരം)

ധനകാര്യപത്രിക *(AFS* പ്രകാരമുള്ള വിവരങ്ങൾ*)*

| ഇനം | തുക |
|---|---|
| മുന്നിരിപ്പ് | 24545389.95 |
| വരവ് | 77814298 |
| ആകെ | 102359687.95 |
| ചെലവ് | 94247366 |
| നീക്കിയിരിപ്പ് | 8112321.95 |

## 1-5 ഫണ്ട് വിനിയോഗം (അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം)

| ഫണ്ടിനം | മുൻബാക്കി | വരവ് തുക | ആകെ തുക | ചെലവ് തുക | നീക്കിബാക്കി(RP 40 b പ്രകാരം) |
|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 47296928 | 47296928 | 34608121 | 12688807 |
| വികസന ഫണ്ട് (എസ്.സി.പി) | 0 | 20928000 | 20928000 | 9112533 | 11815467 |
| വികസനഫണ്ട് (ടി.എസ്.പി) | 0 | 106000 | 106000 | 0 | 106000 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 0 | 6025000 | 6025000 | 3489420 | 2535580 |
| നിർമൽ പുരസ്കാർ | 433344 | 265254 | 698598 | 3169 | 695429 |
| ട്രഷറി ടി.എസ്.ബി | 0 | 6602089 | 6602089 | 6602089 | 0 |
| ഐ.എ.വൈ.പ്ലാൻ ഷയർ | 19969147 | 12625356 | 32594503 | 28982576 | 3611927 |
| ജനറൽ പർപ്പസ് ഗ്രാന്റ് | 4142898 | 3352310 | 7495208 | 3802242 | 3692966 |

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | ചെലവഴിച്ച തുക | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ % |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| 126 | 158051610 | 67 | 47210074 | 6 | 53 | 53.17 |

പാതിവഴിയിൽ ഉപേക്ഷിച്ച് പാഴ് ചെലവായ പദ്ധതികൾ

ഇല്ല

## 1-7 തൊഴിലുറപ്പ് പദ്ധതി-

ഇല്ല

## 1-8 ക്ഷേമപദ്ധതികൾ

ഇല്ല

## 1-9 ക്യാഷ് പരിശോധന

1994 ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന24-11-2018 തിയ്യതിയിൽ 10.30 AM ന് നടത്തി. ബാലൻസ് തുക 0 രൂപ പരിശോധിച്ച് ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം.

ബ്ലോക്ക് പഞ്ചായത്തിന്റെ രസീതി സ്റ്റോക്ക് ബുക്ക് കൃത്യമായി സൂക്ഷിക്കുന്നില്ല. ക്യാഷ് ബുക്ക് ബാങ്ക് ബുക്ക് എന്നിവ ദിനേന പ്രിന്റ് എടുത്ത് സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നില്ല. ബ്ലോക്ക് പഞ്ചായത്തിന്റെ ആസതി രജിസ്റ്റർ കാലികമാക്കിയിട്ടില്ല

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തിയ്യതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തിയ്യതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 23.7.2018 – 31.07.2018 | 1.5.2017-30.06.2018 | 4.10.2018 |
| എ.ജി ഓഡിറ്റ് | 20.12.2013 | 2012-13 | 7.02.2014 |

## 1-12 വാർഷിക കണക്കിലെ അപാകതകൾ.

2017-18സാമ്പത്തിക വർഷത്തിലെ വാർഷിക കണക്കിലെ പരിഹരിക്കപ്പെടാത്ത അപാകതകൾ.

1. ജനറൽ പർപ്പസ് ഫണ്ട് ACR പ്രകാരം, ആകെ വരവ് 3283335 ആണ്. എന്നാൽ ആയത് AFS പ്രകാരം 3352310 ആണ്.
2. ടി.എസ്.ബി അക്കൗണ്ട് (No.20) RP-40(b )പ്രകാരം,31.3.2018 ലെ ബാലൻസ് 3692966 ആണ്. എന്നാൽ ട്രഷറി സ്റ്റേറ്റ്മെന്റ് പ്രകാരം ബാലൻസ് 508869 ആണ്. റീകൺസിലിയേഷൻ തയ്യാറാക്കിയത് സാക്ഷ്യപ്പെടുത്തിയിട്ടില്ല
3. വിജയ ബാങ്ക് IAY central share അക്കൗണ്ട് (No.20300101100047) RP-40(b )പ്രകാരം,31.3.2018 ലെ ബാലൻസ് 3611927 ആണ്. എന്നാൽ ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരം ബാലൻസ് 3766776 ആണ്. റീകൺസിലിയേഷൻ സാക്ഷ്യപ്പെടുത്തിയിട്ടില്ല.
4. 4/2017 മുതൽ 3/2018 വരെ ബാങ്ക് ബുക്ക് തയ്യാറാക്കിയത് സാക്ഷ്യപ്പെടുത്തിയിട്ടില്ല.
5. 1/2018 മുതൽ 3/2018 വരെ റീകൺസിലിയേഷൻ തയ്യാറാക്കി സാക്ഷ്യപ്പെടുത്തുകയോ ചെയ്തിട്ടില്ല.

6. RP-43 പ്രകാരം, ഡെപ്പോസിറ്റ് ഇനത്തിൽ 391139 വരവുണ്ട്. എന്നാൽ ഡെപ്പോസിറ്റ് രജിസ്റ്റർ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.
7. B-18പ്രകാരം അഡ്വാൻസ് ആയി 505582രൂപ നൽകിയിട്ടുണ്ട്.എന്നാൽ അഡ്വാൻസ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.
8. Capital work in progress ആയി 1202577 രൂപയുണ്ട്. എന്നാൽ ഇതു സംബന്ധിച്ച് വിശദീകരണം നൽകിയിട്ടില്ല.
9. 2017-18സാമ്പത്തിക വർഷത്തിൽ (പ്രൊജക്റ്റ് നം-172) വൈലോങ്ങര -വളാഞ്ചേരി റോഡ് ജലസേചന പദ്ധതി നവീകരണം- എന്ന പദ്ധതിക്കായി കേരള വാട്ടർ അതോറിറ്റിക്ക് 27.3.2018 ന്, 500,000 രൂപ നൽകിയിട്ടുണ്ട്.എന്നാൽ പ്രസ്തുത തുക Advance to implimenting agencies എന്ന ശീർഷകത്തിൽ RP-47, B-18ഷെഡ്യൂൾ എന്നിവയിൽ ചേർത്തിട്ടില്ല.
10. വ്യവസായ വികസന ഓഫീസർ, ഡയറി എക്സ്റ്റെൻഷൻ ഓഫീസർ എന്നിവർ TR 7Aക്യാഷ് ബുക്ക് സൂക്ഷിക്കുന്നില്ല.
11. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.
12. 2016-17 വാർഷിക കണക്കിലെ അപാകതകൾ പരിഹരിച്ചിട്ടില്ല.

## ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 2-1 കെട്ടിടങ്ങൾ ഉപയോഗ ശൂന്യമായി കിടക്കുന്നു.

ബ്ലോക്ക് പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങൾ ഉപയോഗ ശൂന്യമായി കിടക്കുന്നു. ബ്ലോക്ക് പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള എല്ലാ കെട്ടിടങ്ങളുടെ പൂർണ്ണമായ വിവരം ഓഫീസിൽ ലഭ്യമല്ല. ആസ്തി രജിസ്റ്റർ കാലികമാക്കേണ്ടതും കെട്ടിടങ്ങളിൽ വാടകക്ക് നൽകാവുന്നവ ലേലം ചെയ്യുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതുമാണ്. നിലവിലെ ആസ്തി രജിസ്റ്റർ പ്രകാരമുള്ള കെട്ടിടങ്ങളുടെ വിവരം താഴെ ചേർക്കുന്നു.

| | |
|---|---|
| 1. | IRDP വിപണന കേന്ദ്രേ |
| 2. | CHC മേലാറ്റൂർ |
| 3. | വനിതാ തൊഴിൽ പരിശീലന കേന്ദ്രം, പുല്ലിക്കുത്ത് |
| 4. | വനിതാ വ്യവസാന പരിശീലന കേന്ദ്രം, താഴേക്കോട് |
| 5. | വനിതാ സ്വയം സഹകരണ സംഘ കെട്ടിടം, താഴേക്കോട് |
| 6. | വനിതാ തൊഴിൽ പരിശീലന കേന്ദ്രം, ഓങ്ങോട്, താഴേക്കോട് |

| | |
|---|---|
| 7. | SGSY കെട്ടിടം,മേലാറ്റൂർ |
| 8. | SGSY കെട്ടിടം, അങ്ങാടിപ്പുറം |
| 9 | ഹെൽത്ത് സെന്റർ കെട്ടിടം, വെട്ടത്തൂർ |

## ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല ചെലവു തുക തടസ്സം ചെയ്യുന്നു

.

സെക്രട്ടറി നടത്തിയ താഴെപ്പറയുന്ന ചെലവുകൾക്കാധാരമായ വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല

| ക്രമ നം | ചെലവിന്റെ വിവരം | ബിൽനം .തി | തുക |
|---|---|---|---|
| 1 | പൂന്താനം ശങ്കരൻകുന്ന് കുടിവെള്ള പദ്ധതി ,കീഴാറ്റൂർ ഗ്രാമ പഞ്ചായത്തിന് നൽകിയത് | 24/14.1.2018 | 400000 |
| 2 | വൈലോങ്ങര ജംഗ്ഷൻ മുതൽ വളാഞ്ചേരി റോഡിലേക്ക് പൈപ്പ് ലൈൻ എക്സ്റ്റൻഷൻ കേരള വാട്ടർ അതോറിറ്റിയിയിൽ ഡെപ്പോസിറ്റ് | 51/27.3.18 | 500000 |

വിനിയോഗസാക്ഷ്യപത്രം ഹാജരാക്കുന്നത് വരെ ചെലവു തുക 900000തടസ്സം ചെയ്യുന്നു.

### 3-2 പ്ളാസ്റ്റിക് ഷ്രെഡ്ഡിംഗ് യൂണിറ്റ് സ്ഥാപിക്കൽ ലക്ഷ്യം കൈവരിച്ചില്ല.

•

2017-18-ൽ സെക്രട്ടറി നടപ്പിലാക്കിയ പ്ളാസ്റ്റിക് ഷ്രെഡ്ഡിംഗ് യൂണിറ്റ് സ്ഥാപിക്കൽ (പ്രൊജക്റ്റ് നം.SO156/18) എന്നപദ്ധതിക്കായിബിൽ നം.29/18.1.18 തുക 982943 -ഗ്രീൻ കേരള ലിമിറ്റഡിന് മെഷീനറി സ്ഥാപിക്കുന്നതിനും.2018-19-ൽ താഴെക്കോട് ഗ്രാമപഞ്ചായത്തിലെ മര-കരകൗശലവ്യവസായ യൂണിറ്റിന് നൽകിയ കെട്ടിടത്തിൽ മെഷിനറി സ്ഥാപിക്കുന്നതിനായി ഇലക്ട്രിഫിക്കേഷനായി 331072 രൂപയും ചെലവഴിച്ചതായും കാണുന്നുണ്ട്.എന്നാൽ ഫയൽ പരിശോധിച്ചതിൽ പ്രദേശവാസികളുടെ എതിർപ്പ് കാരണം മെഷീനറി സ്ഥാപിക്കാൻ സാധിച്ചിട്ടില്ല എന്ന് രേഖപ്പെടുത്തിയതായി കാണുന്നു.. നിലവിലെ പദ്ധതി നടപ്പാക്കുന്നതിലെ പുരോഗതി,മെഷീനറിസ്ഥാപിച്ചിട്ടുണ്ടെങ്കിൽ ആ വിവരം എന്നിവ അറിയിക്കേണ്ടതാണ് എന്ന് കാണിച്ച് ഓഡിറ്റ് എൻക്വയറി നം 7/29.11.2018 നൽകിയിരുന്നെങ്കിലും മറുപടി ലഭ്യമാക്കിയില്ല. ആകെ 1314015 രൂപ പദ്ധതിക്കായി ചെലവഴിച്ചെങ്കിലും പദ്ധതി പൂർത്തീകരിക്കാൻ കഴിയാത്തത് പദ്ധതി നടത്തിപ്പിലെ വീഴചയായി ഓഡിറ്റിൽ വിലയിരുത്തുന്നു.നിലവിൽ അങ്ങാടിപ്പുറം ഗ്രാമപഞ്ചായത്തിൽ സ്ഥാപിക്കാൻ വേണ്ടി യന്ത്രസാമഗ്രികൾ ഗ്രാമപഞ്ചായത്തിലെ വ്യവസായ യൂണിറ്റിലെ കെട്ടിടത്തിൽ

സൂക്ഷിച്ചതായി വാക്കാൽ അറിയിച്ചിട്ടുണ്ട്.പദ്ധതി പൂർത്തീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-3 നെൽ കൃഷിക്ക് കൂലിച്ചലവ് വിനിയോഗിക്കാത്ത തുക തിരിച്ചടവ് സംബന്ധിച്ച്

2017-18 -ൽ അസി.കൃഷി ഡയറക്ടർ നിർവ്വഹണോദ്യോഗസ്ഥയായി നടപ്പിലാക്കിയ നെൽ കൃഷിക്ക് കൂലിച്ചലവ് ബ്ളോക്ക് വിഹിതം നൽകൽ എന്ന പദ്ധതിക്കായി (പ്രൊജക്ട് നം.SOO6/18) താഴെപ്പറയും പ്രകാരം തുക പിൻവലിച്ച് ബ്ളോക്കിലെ വിവിധ ഗ്രാമ പഞ്ചായത്തുകൾക്ക് നൽകിയിട്ടുണ്ട്.

ബിൽ നം.1/17-18 തി. 28.9.17 തുക 2048500

ബിൽ നം.3/17-18 തി. 28.9.17 തുക 437350

ബിൽ നം 3-ൽ ഉൾപ്പെടുത്തി മേലാറ്റൂർ ഗ്രാമ പഞ്ചായത്തിന് 57400 രൂപ നൽകിയിട്ടുണ്ടെങ്കിലും 17000 രൂപ മാത്രമാണ് ചെലവഴിച്ചിട്ടുള്ളത് ബാക്കി തുക 40400 തിരികെ ലഭ്യമായിട്ടുണ്ടെങ്കിൽ വിവരം ലഭ്യമാക്കേണ്ടതാണ് എന്ന് കാണിച്ച് ഓഡിറ്റ് എൻക്വയറി നം 9/29.11.2018 നൽകിയതിന് തുക തിരികെ അടവാക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട് .തുക തിരികെ അടവാക്കുന്നത് വരെ ചെലവു തുക തടസ്സം ചെയ്യുന്നു.

## 3-4 മരുന്ന് മുഴുവൻ ലഭ്യമായില്ല

2017-18 -ൽ CHC മേലാറ്റൂരിന് മരുന്ന് ലഭ്യമാക്കുന്നതിനായി 600000 രൂപ പിൻവലിച്ച് KMSCL ന് നൽകിയിട്ടുണ്ട്. (ബിൽ നം. 1/19.10.2017) എന്നാൽ നാളിതുവരെയായി 324145 രൂപയുടെ മരുന്ന് മാത്രമാണ് ലഭ്യമായിട്ടുള്ളത് ബാക്കി 275855 രൂപയുടെ മരുന്നുകൂടി ലഭ്യമാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.മരുന്നു ലഭ്യമാക്കുന്നത് വരെ ചെലവു തുക തടസ്സം ചെയ്യുന്നു.

## 3-5 ബയോഗ്യാസ് പ്ളാന്റ് സ്ഥാപിക്കൽ-ബ്ളോക്ക് പഞ്ചായത്തിന്റെ ചുമതലയിൽപ്പെടാത്ത പ്രവർത്തി നടപ്പിലാക്കി.

2017-18-ൽ സെക്രട്ടറി നടപ്പിലാക്കിയ സ്കൂളുകളിൽ ബയോഗ്യാസ് പ്ളാന്റ് സ്ഥാപിക്കൽ എന്നപദ്ധതി(സ്പിൽ ഒവർ നം.16/18(SOO55/17)യിൽ ഉൾപ്പെടുത്തി ബ്ളോക്ക് പരിധിയിൽപ്പെട്ട് 7 ഹൈസ്കൂൾ/ഹയർസെക്കന്ററി സ്കൂളുകളിൽ പ്ളാന്റ് സ്ഥാപിച്ചതിന് 286650 രൂപ പാൽ ട്രേഡിംഗ് കമ്പനി എന്ന സ്ഥാപനത്തിന് നൽകിയിട്ടുണ്ട്.(ബിൽ നം.43/28.2.18).ഹൈസ്കൂൾ/ഹയർസെക്കന്ററി സ്കൂളുകൾ ജില്ലാപഞ്ചായത്തിന് കീഴിലാണെന്നിരിക്കെ ബ്ളോക്ക് പഞ്ചായത്ത് പദ്ധതി നടപ്പിലാക്കിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ് എന്ന് കാണിച്ച് ഓഡിറ്റ് എൻക്വയറി നം 8/29.11.2018 നൽകിയതിന് ബ്ളോക്ക് പഞ്ചായത്തിന് 10% തുക നിർബന്ധമായും വകയിരുത്തേണ്ടി വന്നതിനാലാണ് പദ്ധതി നടപ്പിലാക്കിയത് എന്ന മറുപടിയാണ് ലഭ്യമാക്കിയത്. നൽകിയ മറുപടി തൃപ്തികരമല്ല .ബ്ളോക്ക് പഞ്ചായത്ത് നടപ്പിലാക്കുന്ന പദ്ധതികൾ ബ്ളോക്ക് പഞ്ചായത്തിന്റെ ചുമതലയിൽ ഉൾപ്പെടുന്ന പ്രവർത്തിയാവാൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

## 3-6 പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല.

നി.ഉദ്യോഗസ്ഥൻ: അസി. എക്സി. എഞ്ചിനീയർ

പ്രവൃത്തി: CHC കെട്ടിടത്തിന് മുകളിൽ മീറ്റിംഗ് ഹാളും അനുബന്ധപ്രവൃത്തികളും 52/18

അടങ്കൽ: 2000000 രൂപ

കരാറുകാരൻ: P P മുസ്തഫ

കരാർ: 32/17-18/16-12-17 (PAC 1659199രൂപ)

അളവ് പുസ്തകം: 37/17-18

മൂല്യനിർണ്ണയം- (part bill) 1213580(ട്രഷറി ബിൽ നംപർ 41/17-18/26-3-18)

(-) നികുതി. 24272

കരാറുകാരന് 1189308

അപാകതകൾ

1) CHC കെട്ടിടത്തിന് മുകളിൽ മീറ്റിംഗ് ഹാൾ നിർമിക്കുന്നതിനുള്ള മേൽ പദ്ധതി ഓഡിറ്റ് തീയതി വരേയും പൂർത്തിയാക്കിയിട്ടില്ലെന്ന് 30-11-2018 ൽ അസി. എഞ്ചിനീയറുടെ സാന്നിദ്ധ്യത്തിൽ നടന്ന സ്ഥലപരിശോധനയിൽ ബോധ്യപ്പെട്ടു. ഏകദേശം 280 m2 വിസ്തീർണ്ണമുള്ള ഈ കെട്ടിടത്തിന്റെ ചുമർ (outer side only) നിർമാണം ഇനം (9) ആയി ഉൾപ്പെടുത്തിയത് ( 3.40 m ഉയരം). ഏകദേശം ഒരു മീറ്ററിലധികം ഉയരത്തിൽ ചുമർ നിർമിച്ച് സിമന്റ് പ്ളാസ്റ്ററിംഗ് നടത്തുകയാണ് ചെയ്തിട്ടുള്ളത്. ഈ പ്രവത്തി 1st part ബില്ലിൽ ഉൾപ്പെടുത്തിയിട്ടുമില്ല.

2) പാർട്ട് ബില്ലിൽ നിന്നും 10% റിടെൻഷൻ തുക പിടിച്ച് ബാക്കി തുക മാത്രമേ കരാറുകാരന് നൽകാവൂ. എന്നാൽ, 121358 രൂപ റിടെൻഷൻ തുക ഉൾപ്പെടെ കരാറുകാരന് നൽകി. റിടെൻഷൻ തുക പിടിക്കാത്തത് കാരണം ഓഡിറ്റ് തീയതിവരെ കുറഞ്ഞത് 2832 രൂപ (4% നിരക്കിൽ) ബ്ളോക്ക് പഞ്ചായത്തിന് നഷ്ടം വന്നതായി വിലയിരുത്തുന്നു.

മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (14-1-12-18) എസ്റ്റിമേറ്റ് പ്രകാരമുള്ള പ്രവൃത്തി പൂർത്തീകരിക്കുന്നതാണെന്നും മാർച്ചിലെ തിരക്ക് കാരണം റിടെൻഷൻ തുക പിടിക്കാൻ വിട്ട് പോയതാണെന്നും മറുപടി നൽകിയിട്ടുണ്ട്. പ്രവത്തി പൂർത്തീകരിച്ച് അക്കാര്യം അറിയിക്കേണ്ടതും ക്രമ നംപർ (2) അപാകതകൾ ഭാവിയിൽ ഒഴിവാക്കേണ്ടതുമാണ്.

## **3-7** ചാത്തോലിക്കുന്ന് തോടിന് തടയണ നിർമാണം എന്ന പദ്ധതി നടത്തിപ്പിലെ അപാകതകൾ.

നി.ഉദ്യോഗസ്ഥൻ: അസി. എഞ്ചിനീയർ.

അടങ്കൽ: 800000 രൂപ

കരാറുകാരൻ: അബ്ദുൽ മജീത് വി.

കരാർ: 38/17-18/21-12-17 (PAC 769941രൂപ)

അളവ് പുസ്തകം: 35/17-18

മൂല്യനിർണ്ണയം- 769941 (ട്രഷറി ബിൽ നംപർ 37/17-18/24-3-18)

(-) നികുതി. 15398

കരാറുകാരന് 754543

തടയണയുടെ നിർമാണം പൂർത്തിയാക്കിയിട്ടുണ്ടെങ്കിലും, തടയണയുടെ ഇടത് ഭാഗത്ത് upstream ൽ ആവശ്യമായ നീളത്തിൽ (സൈറ്റ് കണ്ടീഷൻ പ്രകാരം) കോൺക്രീറ്റ് സംരക്ഷണഭിത്തി നിർമാണം എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തുകയോ അപ്രകാരം ചെയ്യുകയോ ഉണ്ടായിട്ടില്ല. ആയതിനാൽതന്നെ സംരക്ഷണഭിത്തിക്കപ്പുറത്തെ ഭാഗത്തുള്ള സ്വകാര്യവ്യക്തിയുടെ ഭൂമിയിലൂടെ വെള്ളം കുത്തിയൊഴുകുകയും മണ്ണിടിച്ചിൽ ഉണ്ടാവുകയും ചെയ്തിട്ടുണ്ടെന്ന് 30-11-2018 ന് അസി. എഞ്ചിനീയറുടെ സാന്നിദ്ധ്യത്തിൽ നടത്തിയ സ്ഥലപരിശോധനയിൽ വ്യക്തമായി.

പര്യാപ്തമായ സംരക്ഷണഭിത്തി നിർമിക്കേണ്ടതിന്റെ ആവശ്യകത ഭരണസമിതി മുമ്പാകെ ബോധ്യപ്പെടുത്തിയെങ്കിലും നിലവിലുള്ള അടങ്കൽ തുക ഉയർത്താത്തതിനാലാണ് മേൽപ്രകാരം പ്രവൃത്തി നടത്തേണ്ടി വന്നതെന്നും വരും വർഷങ്ങളിൽ ഈ പ്രവൃത്തിക്ക് തുക വകയിരുത്തുന്നതാണെന്ന് ഭരണസമിതി അറിയിച്ചിട്ടുണ്ടെന്നും ഇക്കാര്യമുന്നയിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള(15/1-12-18) മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട്.

2017-18 ൽ 6 തടയണകളും 2 VCB കളും നിർമിച്ചിട്ടുണ്ട്. ഇവക്കെല്ലാം പര്യാപ്തമായ ഫണ്ട് വകയിരുത്താത്തതിനാൽ ഇത്തരം അപാകതകളുണ്ടെന്ന് അസി. എഞ്ചിനീയർ വ്യക്തമാക്കി. പദ്ധതിക്കാവശ്യമായ പ്രവൃത്തികൾ പര്യാപ്തമായ അളവിൽ ഉൾപ്പെടുത്താതെ എസ്റ്റിമേറ്റ് തയ്യാറാക്കി പദ്ധതി നടപ്പാക്കിയത് വിശദമാക്കേണ്ടതും ഭാവിയിൽ, നിലവിലുള്ള തടയണ/VCB കൾ കുറ്റമറ്റ രീതിയിൽ പൂർത്തീകരിച്ചതിന് ശേഷം മാത്രം (ഫണ്ടിന്റെ അപര്യാപ്തത ഉണ്ടാകുകയാണെങ്കിൽ) പുതിയ തടയണ/VCB നിർമാണത്തിന് പദ്ധതി തയ്യാറാക്കേണ്ടതുമാണെന്ന് നിർദ്ദേശിക്കുന്നു.

## 3-8 കുടിവെള്ള പദ്ധതി പൂർത്തിയാക്കിയിട്ടില്ല.

നി.ഉദ്യോഗസ്ഥൻ: അസി. എഞ്ചിനീയർ.

പ്രവൃത്തി: വളയപ്പുറം ലക്ഷംവീട് കുടിവെള്ളപദ്ധതി നവീകരണം. .

അടങ്കൽ: 500000 രൂപ

കരാറുകാരൻ: കെ പി മുഹമ്മത്

കരാർ: 47/17-18/16-1-2018 (PAC 459549രൂപ)

അളവ് പുസ്തകം: 40/17-18

മൂല്യനിർണ്ണയം- 145966 (ട്രഷറി ബിൽ നംപർ 37/17-18/24-3-18)

(-) നികുതി. 2920

റിടൻഷൻ: 14597

കരാറുകാരന് 128449

2017-18 ൽ പൈപ്പ് ലൈൻ സ്ഥാപിക്കൽ,ടാങ്ക് നിർമാണത്തിനാവശ്യമായ പ്ലാറ്റ്ഫോം സ്ഥാപിക്കൽ എന്നിവ മാത്രമാണ് നടപ്പാക്കിയിട്ടുള്ളത്. 30-11-2018 ന് അസി. എഞ്ചിനീയറുടെ സാന്നിദ്ധ്യത്തിൽ നടത്തിയ സ്ഥലപരിശോധനയിൽ മേൽ പ്രവൃത്തിക്ക് പുറമേ ടാങ്ക് കൂടി സ്ഥാപിച്ചിട്ടുണ്ടെന്ന് വ്യക്തമായി.എന്നാൽ മോട്ടോർ സ്ഥാപിക്കുകയോ വൈദ്യുതി കണക്ഷൻ എടുക്കുകയോ ചെയ്തിട്ടില്ല. പ്രവൃത്തി പൂർത്തീകരിക്കാത്തത് വിശദമാക്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (16/1-12-18) വൈദ്യുതി കണക്ഷൻ ലഭിച്ചാലുടൻ അവശേഷിക്കുന്ന പ്രവൃത്തികൾ പൂർത്തിയാക്കാമെന്നറിയിച്ചിട്ടുണ്ട്. തുടർനടപടി വിവരം അറിയിക്കേണ്ടതാണ്.

## 3-9 പദ്ധതി നടപ്പിലാക്കുന്നതിൽ അലംഭാവം; 2017-18 ൽ നടപ്പിലാക്കിയത് 53 % പ്രവൃത്തികൾ മാത്രം.

ബ്ളോക്ക്പഞ്ചായത്തിൽ 2017-18 ൽ പദ്ധതികൾ യഥാസമയം നടപ്പിലാക്കുന്നതിൽ വീഴ്ചയുണ്ടായതായി കാണുന്നു. വിശദാംശം താഴെ കൊടുക്കുന്നു.

പ്രൊജക്ട് നടപ്പിലാക്കിയതിന്റെ വിശദാംശം

ആകെ അംഗീകരിച്ച പ്രൊജക്ടുകൾ: 126

ആകെ നടപ്പിലാക്കിയ പ്രൊജക്ടുകൾ: 67 (53 %)

നടപ്പിലാക്കാത്ത പ്രൊജക്ടുകൾ: 53 (ഭാഗികമായി നടപ്പിലാക്കിയത് 6)

തുക ചെലവഴിച്ചതിന്റെ വിശദാംശം

ആകെ അടങ്കൽ: 158051610 രൂപ

ആകെ ചെലവ്: 47210074 രൂപ (29.87%)

ചെലവഴിക്കാത്ത തുക: 110841536രൂപ.

ഫണ്ടിന്റെയടിസ്ഥാനത്തിലുള്ള വിശദാംശം

| ഫണ്ടിനം | വരവ് (രൂപയിൽ) | ചെലവ് | ചെലവഴിക്കാത്തത് |
|---|---|---|---|
| വികസനഫണ്ട് | 47296928 | 34608121 | 12688807 |
| SCP | 20928000 | 9112533 | 11815467 |
| TSP | 106000 | ----------- | 106000 |
| MGNR | 6025000 | 3489420 | 2535580 |
| TOTAL | 74355928 | 47210074 | 27145854 |

64 % തുക മാത്രമാണ് ചെലവഴിച്ചത്. 27145854 രൂപ ചെവവഴിക്കാൻ കഴിഞ്ഞിട്ടില്ല. പല നിർവ്വഹണോദ്യോഗസ്ഥർക്കും നാമമാത്ര പദ്ധതികൾ മാത്രമാണ് നടപ്പിലാക്കാൻ ഉണ്ടായിരുന്നത്.

ചില ഉദാഹരണങ്ങൾ.

| നിർവ്വഹണോദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പിലാക്കിയത് |
|---|---|---|
| SCDO | 1 | 1 |
| ADA | 2 | 2 |
| DEO | 1 | 1 |
| IEO | 6 | 1 |

ആയതിൽ തന്നെ IEO ക്ക് 12729923 രൂപയുടെ പദ്ധതി വെച്ചതിൽ വെറും 371065 രൂപ മാത്രമാണ് ചെലവഴിച്ചത് (2.9%).മിക്ക നിർവ്വഹണോദ്യോഗസ്ഥരും (സെക്രട്ടറി,AE ഒഴികെ) മറ്റു തസ്വഭവ സ്ഥാപനങ്ങൾക്ക് വിഹിതം നൽകുന്ന പദ്ധതികൾ മാത്രമാണ് നടപ്പിലാക്കിയതായി കാണുന്നത്. ക്രിയാത്മകവും നേരിട്ട് നടപ്പിലാക്കേണ്ടതുമായ പദ്ധതികളൊന്നും തന്നെ നടപ്പിലാക്കുന്നില്ല.

നടപ്പിലാക്കാത്ത ചില പ്രധാന പദ്ധതികൾക്ക് ഉദാഹരണം താഴെ കൊടുക്കുന്നു.

| ക്രമ നംപർ | പ്രൊജക്റ്റ് നംപർ | പദ്ധതിയുടെ പേര് | അടങ്കൽ (രൂപയിൽ) | നിർവ്വഹണോദ്യോഗസ്ഥർ |
|---|---|---|---|---|
| 1 | 15 | പ്ളാസ്റ്റിക് നിർമാർജനം | 811119 | സെക്രട്ടറി |
| 2 | 17 | പട്ടികജാതി വിഭാഗങ്ങളിലെ സംസാര ശ്രവണ ശേഷിയില്ലാത്തവർക്ക് ഉപകരണങ്ങൾ വാങ്ങൽ | 1059150 | സെക്രട്ടറി |
| 3 | 167 | ലൈഫ് മിഷൻ പദ്ധതി (SCP) | 1673333 | സെക്രട്ടറി |
| 4 | 168 | ലൈഫ് മിഷൻ പദ്ധതി (TSP) | 4574955 | സെക്രട്ടറി |
| 5 | 24 | വനിതാ ഗ്രൂപ്പുകൾക്ക് സ്വയം തൊഴിൽ ലംരംഭം | 3500000 ചെലവ്:371065 | IEO |
| 6 | 112 | പരമ്പരാഗത വ്യവസായങ്ങൾക്ക് ധനസഹായം | 300000 | IEO |
| 7 | | പരമ്പരാഗത വ്യവസായങ്ങൾക്ക് ധനസഹായം | 300000 | IEO |
| 8 | 114 | വനിതാ തൊഴിൽ സംരഭകർക്ക് സബ്സ്ഡി | 1275900 | IEO |
| 9 | 79 | വടക്കേടിറ എസ് സി കോളനി കുടിവെള്ള പദ്ധതി | 500000 | AE |
| 10 | 85 | ആറ്റുമല എസ് സി കോളനി കുടിവെള്ള പദ്ധതി | 800000 | AE |
| 11 | 86 | കരുവമ്പലം എസ് സി കോളനി കുടിവെള്ള പദ്ധതി | 800000 | AE |
| 12 | 159 | മുഴന്നമണ്ണ കളത്തിൽതൊടി എസ് സി കോളനി കുടിവെള്ള പദ്ധതി | 800000 | AE |

അതാത് വർക്കിംഗ് ഗ്രൂപ്പുകളിലൂടെ ഉരുത്തിരിഞ്ഞ് വരുന്ന പദ്ധതി നിർദ്ദേശങ്ങളിൽ പലതും പദ്ധതികളായി രൂപാന്തരപ്പെടുന്നില്ല. പദ്ധതി രൂപീകരണത്തിലേയും നിർവ്വഹണത്തിലേടയും മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. കൂടാതെ വരും വർഷങ്ങളിലെ പുരോഗതി വിവരവും അറിയിക്കേണ്ടതാണ്.

## 3-10 വയോജനങ്ങൾക്ക് കട്ടിൽ വിതരണം -വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല

| | |
|---|---|
| വർഷം | 2017-18 |
| പ്രോജെക്ട് നമ്പർ | 165/18 |
| പ്രോജെക്ടിന്റെ പേര് | വയോജനങ്ങൾക്ക് കട്ടിൽ വിതരണം-ബ്ലോക്ക് വിഹിതം നൽകൽ |
| അടങ്കൽ | 2093800(വികസനഫണ്ട്) |
| സ്റ്റാന്റിംഗ് കമ്മിറ്റി തീരുമാനം | വികസനസ്റ്റാന്റിംഗ് കമ്മിറ്റി തീരുമാനം നമ്പർ 11/24-8-17 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സി.ഡി.പി.ഒ |

ചൈൽഡ് ഡെവലപ്പ്മെന്റ് പ്രോജെക്ട് ഒഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി വികസനഫണ്ടിൽ നിന്നും ബിൽ നമ്പർ 82/18 തി.24-3-18 പ്രകാരം 6,52000 രൂപ പിൻവലിക്കുകയും വയോജനങ്ങൾക്ക് കട്ടിൽ വിതരണത്തിനായി താഴെ പറയും പ്രകാരം ഗ്രാമപഞ്ചായത്തിന് കൈമാറുകയും ചെയ്തിട്ടുണ്ട്.

| ഗ്രാമപഞ്ചായത്തിന്റെ പേര് | കൈമാറിയ തുക |
|---|---|
| താഴേക്കോട് | 6,52,000 |

താഴേക്കോട് ഗ്രാമപഞ്ചായത്തിന്റെ വിനിയോഗസാക്ഷ്യപത്രം ഓഡിറ്റിന് ലഭ്യമാക്കിയില്ല.ആയതിനാൽ 6,52,000 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.ഇതു സംബന്ധിച്ച് നമ്പർ 1/28-11-18 പ്രകാരം ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു.എന്നാൽ മറുപടി ലഭ്യമാക്കിയില്ല.

## 3-11 വയോജനങ്ങൾക്ക് കട്ടിൽ വിതരണം(എസ് സി പി) - അവശേഷിക്കുന്ന തുക ലഭ്യമാക്കേണ്ടതാണ്.

| | |
|---|---|
| വർഷം | 2017-18 |
| പ്രോജെക്ട് നമ്പർ | 151/18 |
| പ്രോജെക്ടിന്റെ പേര് | വയോജനങ്ങൾക്ക് കട്ടിൽ വിതരണം-ബ്ലോക്ക് വിഹിതം നൽകൽ(എസ് സി പി) |
| അടങ്കൽ | 1150000(വികസനഫണ്ട്) |
| സ്റ്റാന്റിംഗ് കമ്മിറ്റി തീരുമാനം | വികസനസ്റ്റാന്റിംഗ് കമ്മിറ്റി തീരുമാനം നമ്പർ 10/24-8-17 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സി.ഡി.പി.ഒ |

ചൈൽഡ് ഡെവലപ്പ്മെന്റ് പ്രോജെക്ട് ഒഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി

വികസനഫണ്ടിൽ നിന്നും ബിൽ നമ്പർ 48/18തി.21-2-18പ്രകാരം 600000 രൂപ പിൻവലിക്കുകയും വയോജനങ്ങൾക്ക് കട്ടിൽ വിതരണത്തിനായി ആലിപ്പറമ്പ് ഗ്രാമപഞ്ചായത്തിന് കൈമാറുകയും ചെയ്തിട്ടുണ്ട്.

5,88,750 രൂപയുടെ വിനിയോഗ സാക്ഷ്യപത്രമാണ്ആലിപ്പറമ്പ് ഗ്രാമപഞ്ചായത്ത് ഹാജരാക്കിയത്.അവശേഷിക്കുന്ന 11250 രൂപ ആലിപ്പറമ്പ് ഗ്രാമപഞ്ചായത്തിൽ നിന്നും ലഭ്യമാക്കേണ്ടതാണ്.ഇതു സംബന്ധിച്ച് നമ്പർ 2/28-11-18 പ്രകാരം ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു.

## 3-12 രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.ചെലവ് തുക തടസ്സം ചെയ്യുന്നു.

സെക്രട്ടറി നിർവ്വഹണം നടത്തിയ തനത് ഫണ്ടിൽ നിന്നുള്ളതാഴെ പറയുന്ന രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.

| ക്രമനമ്പർ | വൗച്ചർ നമ്പർ/തീയതി | വിശദാംശങ്ങൾ | അനുവദിച്ച തുക | ഓഡിറ്റിന് ലഭ്യമാക്കാത്ത രേഖകൾ |
|---|---|---|---|---|
| 1 | 21700413/19-5-17 | പെരിന്തൽമണ്ണ ബ്ലോക്ക് പട്ടികജാതി വികസന ഓഫീസിന്റെ വൈദ്യുതി ചാർജ് അടവാക്കാൻ നൽകിയ തുക | 1860 | വൈദ്യുതി ചാർജ് അടവാക്കിയ രശീതി |
| 2 | 21700413/19-5-2017 | തച്ചിംങ്ങനടം പ്രീ മെട്രിക് ഹോസ്റ്റലിന്റെ കെട്ടിടവാടക അടവാക്കാൻ നൽകിയ തുക | 37861 | കെട്ടിട വാടക അടവാക്കിയ രശീതി |
| 3 | 21700142/9-6-17 | ശക്തി ബുക്ക്സ് പെരിന്തൽമണ്ണയ്ക്ക് നൽകിയത് | 2540 | സാധനങ്ങൾ വാങ്ങിയതിന്റെ ബില്ല് |
| 4 | 21700286/3-10-17 | ഡയറി എക്സ്റ്റെൻഷൻ ഓഫീസർക്ക് ടെലഫോൺ ചാർജ് അടവാക്കാൻ നൽകിയത്. | 1986 | ടെലഫോൺ ചാർജ് അടവാക്കിയ രശീതി |
| 5 | 21700330/23-10-17 | വികസനരേഖ അച്ചടിച്ചതുമായി ബന്ധപ്പെട്ട് ലിപി പ്രിന്റേഴ്സ് അങ്ങാടിപ്പുറത്തിനു നൽകിയത് | 9500 | ബില്ല്<br>സ്റ്റോക്ക് രജിസ്റ്റർ |

| | | | | |
|---|---|---|---|---|
| 6 | 21700571/25-1-18 | ക്ഷീരകർഷകസംഗമത്തിന് നൽകിയ തുക | 5000 | ക്ഷീരകർഷകസംഗമം സംഘാടക സമിതിയുടെ കൈപ്പറ്റ് രശീതി |
| 7 | 21700570/25-1-18 | 7കുടിവെള്ളപദ്ധതികൾക്ക് ഭൂജലസർവ്വേനടത്തുന്നതിന് ഭൂജലവകുപ്പ് ജില്ലാ ഓഫീസിൽ അടവാക്കിയ തുക | 12250 | ഭൂജലവകുപ്പ ജില്ലാ ഓഫീസറുടെ കൈപ്പറ്റ് രശീതി,സർവ്വേ റിപ്പോർട്ട് |
| | | ആകെ | 70,997 | |

ആയതിനാൽ 70,997 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.ഇതു സംബന്ധിച്ച് നമ്പർ 12/30-11-18 പ്രകാരം ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു.ഇതു സംബന്ധിച്ച് ഭാഗികമായി മറുപടി ലഭ്യമാക്കിയെങ്കിലും മുഴുവൻ രേഖകളും ഹാജരാക്കിയില്ല.

## ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം -

ഇല്ല

### 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷം ഡെപ്പോസിറ്റ് വർക്കിന് തുക നൽകിയതിന്റെയും ചെലവഴിച്ചതിന്റെയും വിവരം. (KSEB, KWA, GWD ഉൾപ്പെടെ)

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ /ബിൽ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | പൂർത്തീകരിച്ച വിവരം | ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | വൈലോങ്ങരജങ്ഷൻ -വളാഞ്ചേരി റോഡ് പൈപ്പ് ലൈൻ നീട്ടൽ | 51/ 27.3.2018 | 500,000 | 0 | പൂർത്തിയായില്ല | 500,000 |

### 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

### 4-4 വായ്പ/ വായ്പ തിരിച്ചടവ്

(i) വായ്പ തിരിച്ചടവിന്റെ വിവരം.

| ക്രമ നം. | വായ്പയുടെ ഉദ്ദേശ്യം | ഉത്തരവ് നം./തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാനുള്ള മുൻബാക്കി | തൻവർഷം അടച്ചത് | | വർഷാ വസാന ബാക്കി |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 1 | ഐ.എ.വൈ. ഗുണഭോക്താക്കൾക്ക് സംസ്ഥാന വിഹിതം നൽകുന്നത് | പി.2.791/2018 പി.എ.യു. തി- 2.1.2014 | 8277000 | 3997489 | | 3997489 | 330150 | 0 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ–

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല.

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1997-98 | 60-1 | 2000-01 | IV-91 a | വ്യവസായ സംരംഭകർക്ക് അനർഹമായ സാമ്പത്തിക സഹായം 34,405/-രൂപ | പരാമർശം നിലനിൽക്കുന്നു. |
| 1997-98 | 60-2 | 2000-01 | IV-91 b | പട്ടികജാതിക്കാരുടെ വീട് വയറിംഗ് 33,325/- രൂപയുടെ നഷ്ടം | പരാമർശം നിലനിൽക്കുന്നു. |
| 1997-98 | 60-3 | 2000-01 | IV-91 c | കുഴൽ കിണർ കുഴിച്ചതിൽ 69,160/- രൂപയുടെ നഷ്ടം | പരാമർശം നിലനിൽക്കുന്നു. |
| 2000-01 | 2-7 | 2006-07 | 3-71-6 | മുൻകൂർ തുക കൈപ്പറ്റി -പണി പൂർത്തിയായില്ല- പദ്ധതി പണം പാഴായി. | പരാമർശം നിലനിൽക്കുന്നു. |
| 2000-01 | 2-21 | 2006-07 | 3-71-6 | മുൻകൂർ തുക കൈപ്പറ്റി -പണി പൂർത്തിയായില്ല- പദ്ധതി പണം പാഴായി. | പരാമർശം നിലനിൽക്കുന്നു. |
| 2001-02 | 2-11 എ | 2007-08 | 3-1-50 | കരകൗശല നിർമ്മാണ വ്യവസായ സഹകരണ സംഘം പ്രവൃത്തി തുടങ്ങിയില്ല. | പരാമർശം നിലനിൽക്കുന്നു. |
| 2001-02 | 2-11 ബി | 2007-08 | 3-1-51 | ഇലക്ട്രോണിക് ചോക്ക് നിർമ്മാണം വനിത പ്രവൃത്തി തുടങ്ങിയില്ല. | പരാമർശം നിലനിൽക്കുന്നു. |
| 2004-05 | 2-6 | 2007-08 | 3-61-4 | മരാമത്ത് പ്രവൃത്തികളിൽ | പരാമർശം |

| | | | | | |
|---|---|---|---|---|---|
| | | | | നിന്നുള്ള നികുതി തുക ഗുണഭോക്തൃ സമിതി കൺവീനർക്ക് നൽകിയത്. | നിലനിൽക്കുന്നു. |
| 2005-06 | 3-2 | 2007-08 | 3-60-1 | കുടിവെള്ള പദ്ധതിയുടെ പ്രവൃത്തിക്ക് മുൻകൂർ നൽകിയ 75,020/- രൂപ ബില്ലിൽ നിന്നും കുറവു ചെയ്തിട്ടില്ല. | പരാമർശം നിലനിൽക്കുന്നു. |
| 2005-06 | 3-3 | 2007-08 | 3-1-46 | 20 പ്രവൃത്തികൾക്ക് 1999 മുതൽ 2001-02 വരെ നൽകിയ മുൻകൂർ | പരാമർശം നിലനിൽക്കുന്നു. |
| 2005-06 | 3-4 | 2007-08 | 3-1-47 | 2 കുടിവെള്ള പദ്ധതികൾക്ക് മുൻകൂർ നൽകി. റവന്യൂ റിക്കവറി നടപടി വിവരം ലഭ്യമല്ല. | പരാമർശം നിലനിൽക്കുന്നു. |

## **4-8** ചാർജ്ജ് / സർചാർജ്ജ് നടപടികളുടെ വിവരം

| ക്രമ നം | വർഷം | ഖണ്ഡിക | ഉത്തരവാദിയായ ഉദ്യോഗസ്ഥൻ | ചാർജ്ജ് / സർചാർജ്ജ് വിവരം | തുക | ഈടാക്കിയത് | അവശേഷിക്കുന്ന തുക | റിമാർക്ക്സ് |
|---|---|---|---|---|---|---|---|---|
| 1. | 1997-98 | 38, 48, 49, 50, 56, 57, 58(2), 58(4), 59, 60, 61, 65, 66, 67, 68, 69, 70, 72, 73 | എൻ.അലി, സെക്രട്ടറി | LF19238/ SP.CELL/ SC3/01 dtd.20.1.2013 | 241085 | 0 | 241085 | തുടർനടപടി വേണ്ട എന്നറിയിച്ചു. (ksa13658/ sl/15 dtd.17.3.16 |
| 2. | 1999-00 | 38(1), (2), 39(1), 40(1), 41(1), (2), 35,36(1), | പി.ഉണ്ണികൃഷ്ണൻ, അസി. എഞ്ചിനീയർ | LF3602/ SP.CELL/ SC5/05 dtd.2.6.2006 | 71197 | 0 | 71197 | തുടർ നടപടി സ്വീകരിച്ചിട്ടില്ല |

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| | | (2) | | | | | | | |

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 77814298 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 94247366 |
| വരവിനങ്ങളിലുള്ള നഷ്ടം | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 0 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1939252 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 900000 | 400,000- അംബിക. വി.എം, ജോയിന്റ് .ബി.ഡി.ഒ.<br>500,000- അഷ്റഫ് പെരുമ്പള്ളി,ബി.ഡി.ഒ. |
| 3-3 | 40400 | അസി.കൃഷി ഡയറക്ടർ , എലിസബത്ത് മാത്യു |
| 3-4 | 275855 | ഡോ.ജമീല.സി.കെ, മെഡിക്കൽ ഓഫീസർ |
| 3-10 | 652000 | ഡോ.കബനി.പി.എസ്, CDPO |
| 3-12 | 70997 | 42261- സുധാകരൻ ,ബി.ഡി.ഒ.<br>1986- നളിനി, ജോയിന്റ് .ബി.ഡി.ഒ.<br>9500- അഷ്റഫ് പെരുമ്പള്ളി,ബി.ഡി.ഒ.<br>17250- അംബിക. വി.എം, ജോയിന്റ് .ബി.ഡി.ഒ. |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച | തീർപ്പാക്കാൻ |
|---|---|---|

| വർഷം | ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1997-98 | LFM12/178/2002 Dt:20/09/2000 | 27 |
| 1999-00 | LFM4/916/2002 Dt:01/01/2004 | 14 |
| 2000-01 | LFM16/375/2006 Dt:18/10/2006 | 17 |
| 2001-02 | LFM16/1531/2006 Dt:03/11/2007 | 31 |
| 2002-03 | LFM16/900/2007 Dt:12/11/2007 | 17 |
| 2003-04 | LFM16/901/2007 Dt:01/12/2007 | 5 |
| 2004-05 | LFM16/902/2007 Dt:06/12/2007 | 5 |
| 2005-06 | LFM16/903/2007 Dt:03/12/2007 | 5 |
| 2006-07 | LFM16/233/2008Dt:28/06/2008 | 20 |
| 2007-08 | LFM4/285/2013 Dt:30/03/2013 | 14 |
| 2008-09 | LFM12/1446/2010 Dt:07/09/2012 | 20 |
| 2009-10 | LFM4/1816/2011 Dt:06/02/2012 | 12 |
| 2010-11 | LFM4/364/15 Dt 6-6-15 | 14 |

| | | |
|---|---|---|
| 2011-12, 2012-13 | LFM4/841/2014 Dt:19/05/2014 | 17 |
| 2013-14 | LFM4/2449/2014 Dt: 23-4-15 | 9 |
| 2014-15 | LFM4/2405/2015 Dt: 27-7-16 | 8 |
| 2015-16 | KSAMPM/4 /543/2017Dt.17.3.2017 | 10 |
| 2016-17 | KSAMPM4/2484 /2017Dt.30.11.2017 | 20 |

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

## അനുബന്ധം-1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

നം. കെ.എസ്.എ.എം.പി.എം.4/1253/2018

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം

പിൻ- 676 505, ഫോൺ - 0483 2734951

ഇ-മെയിൽ : dompm.ksad@kerala.gov.in

തീയ്യതി : 05/07/2018

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ്.4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(6) 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 അനുസരിച്ചും പഞ്ചായത്ത് / നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ)1413/ 2018/ത.സ്വ. ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും പെരിന്തൽമണ്ണ ബ്ലോക്ക്പഞ്ചായത്തിന്റെ 2017-18സാമ്പത്തികവർഷത്തെ വാർഷിക ധനകാര്യ പത്രിക

പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു .

എന്റെ അഭിപ്രായത്തിൽ അന്യത്ര ചേർത്ത അപാകതകൾ ഒഴികെ സ്ഥാപനത്തിന്റെ 2017-18സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ ശരിയായ വിധത്തിൽ സൂക്ഷിക്കുന്നു. സ്ഥാപനത്തിന്റെ വരവുകൾ യഥാവിധ കണക്കിലുൾപ്പെടുത്തിയിട്ടുണ്ട്. ചെലവുകൾ എല്ലാം തന്നെ വൗച്ചറുകളുടെ അടിസ്ഥാനത്തിലാണ്.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
മലപ്പുറം